LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ടൂറിസം വകുപ്പ് സംസ്ഥാനത്ത് നടപ്പാക്കുന്ന കേന്ദ്ര പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം I ആയി ചേർത്തിരിക്കുന്നു.*

(ബി&സി) കേന്ദ്ര ഗവൺമെന്റ് അനുവദിച്ച പദ്ധതികളിൽ നിർമ്മാണം പൂർത്തിയാക്കിയശേഷം കമ്മീഷൻ ചെയ്തിട്ടില്ലാത്തവ ഇല്ല.

(ഡി) കേന്ദ്ര ഗവൺമെന്റ് അനുവദിച്ച എല്ലാ പദ്ധതികൾക്കും സംസ്ഥാന ടൂറിസം വകുപ്പ് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ഇ) വിശദ വിവരം അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

ഏറനാട് മണ്ഡലത്തിലെ ടൂറിസം പദ്ധതികൾ

319 (1027) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിൽ നടപ്പിലാക്കുന്ന ടൂറിസം സർക്യൂട്ടിൽ ഏതെല്ലാം പദ്ധതികളെയാണ് ബന്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ ;

(ബി) ഏറനാട് മണ്ഡലത്തിൽ ഏതെല്ലാം പദ്ധതികളാണ് ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നടപ്പിലാക്കിയിട്ടുള്ളത്; വിശദമാക്കുമോ ;

(സി) പുതുതായി ഏതെല്ലാം പദ്ധതികളാണ് ഏറനാട് മണ്ഡലത്തിലെ ടൂറിസം കേന്ദ്രങ്ങളിൽ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ളത് ; പ്രസ്തുത പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) മലപ്പുറം ജില്ലയിൽ നടപ്പിലാക്കുന്ന ടൂറിസം സർക്യൂട്ട് 'ഈസ്റ്റേൺ കോറിഡോർ' പദ്ധതിയാണ്. നിലമ്പൂർ ടൂറിസ്റ്റ് ഹബ്ബ്, ആഡ്യൻപാറ ഇക്കോഹബ്ബ്, വണ്ടൂർ ടൗൺ സ്ക്വയർ, വാണിയമ്പലം സ്ക്വയർ, ചേറുമ്പ് ഇക്കോ വില്ലേജ്, കേരളാംകുണ്ട് വെള്ളച്ചാട്ടം, എടവണ്ണ ചിൽഡ്രൻസ് പാർക്ക്, ചാലിയാർ നദീതീര പദ്ധതി, കോഴിപ്പാറ ഇക്കോടൂറിസം പദ്ധതി എന്നിവയാണ് ഈ ടൂറിസം സർക്യൂട്ടിൽ ഉൾപ്പെടുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഏറനാട് മണ്ഡലത്തിൽ ആഡ്യൻപാറ ഇക്കോഹബ്ബ് പദ്ധതിക്ക് 50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തി നടന്നുവരുന്നു.

(സി) പുതിയ ടൂറിസം പദ്ധതികൾ ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

വർക്കല ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ

320 (1028) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വർക്കല ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ സർക്കാർ സംരംഭമാണോ ; എന്തെല്ലാം നിയന്ത്രണങ്ങൾക്ക് വിധേയമായിട്ടാണ് കോർപ്പറേഷൻ പ്രവർത്തിക്കുന്നതെന്ന് വിശദമാക്കാമോ ;

(ബി) ഏതെങ്കിലും സ്വകാര്യ കമ്പനിയുമായി കോർപ്പറേഷൻ സംയുക്ത സംരംഭത്തിലേർപ്പെട്ടിട്ടുണ്ടോ ; ഏത് നടപടി ക്രമത്തിലൂടെയാണ് സ്വകാര്യ പങ്കാളിയെ കണ്ടെത്തിയത് ; വിശദമാക്കുമോ ;

(സി) കോർപ്പറേഷന്റെ സംരംഭങ്ങൾ സംബന്ധിച്ച വിശദവിവരവും ബോർഡംഗങ്ങൾ ആരൊക്കെയാണെന്നതിന്റെ ലിസ്റ്റും ലഭ്യമാക്കാമോ ;

(ഡി) ഇതിനകം സർക്കാർ കോർപ്പറേഷന് നല്കിയ ഫണ്ട് എത്രയാണെന്നും സ്ഥലത്തെ തദ്ദേശസ്വയംഭരണ സ്ഥാപനവുമായി കോർപ്പറേഷൻ ഏതെല്ലാം തരത്തിലുള്ള പങ്കാളിത്ത കരാറിലാണ് ഉൾപ്പെട്ടിരിക്കുന്നതെന്നും കോർപ്പറേഷന്റെ നിർദ്ദിഷ്ട പദ്ധതികളെല്ലാം സർക്കാർ അനുമതിയോട് കൂടിയാണോ നടക്കുന്നതെന്നും വിശദമാക്കാമോ ?

ഉത്തരം

(എ) വർക്കല ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ സർക്കാർ സംരംഭമാണ്. 1956-ലെ കമ്പനി നിയമപ്രകാരമാണ് പ്രസ്തുത കോർപ്പറേഷൻ പ്രവർത്തിക്കുന്നത്.

(ബി) ഒരു സ്വകാര്യ കമ്പനിയുമായും കോർപ്പറേഷൻ ഇതുവരെയും യാതൊരുവിധ സംയുക്ത സംരംഭത്തിലും ഏർപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly